എന്തൊക്കെയാണ് വേരുകളുടെ ധർമം?



- സസ്യങ്ങളെ മണ്ണിൽ ഉറപ്പിച്ചു നിർത്തുന്നു.
- മണ്ണിൽ നിന്ന് ജലവും ലവണങ്ങളും വലിച്ചെടുക്കുന്നു.

വേരുകളുടെ മറ്റു ധർമ്മങ്ങൾ എന്തൊക്കെയാണ് നിങ്ങൾക്കറിയാമോ?



പേരാൽ

ഈ ചിത്രം ശ്രദ്ധിക്കൂ....
എവിടെനിന്നാണ് ആ വേരുകൾ വളരുന്നത്?

മണ്ണിനു മുകളിൽ കാണപ്പെടുന്നു.
ശിഖിരത്തിൽ നിന്നും താഴേക്ക് വളർന്നുനിൽക്കുന്ന വേരുകളാണ് ആൽമരത്തിന്റെ വേരുകൾ. ഇത്തരം വേരുകൾ കൊമ്പുകളെ താങ്ങി നിർത്തുന്നു. ഇത്തരം വേരുകളെ താങ്ങുവേരുകൾ എന്ന് പറയുന്നു.



ആറ്റുകൈത

ആറ്റുകൈതയിലെ വേരുകൾ ശ്രദ്ധിക്കൂ.......
എവിടെനിന്നാണ് ആ വേരുകൾ വളരുന്നത്?

മണ്ണിനു മുകളിൽ കാണപ്പെടുന്നു.
ആറ്റുകൈതയിലെ വേരുകൾ തണ്ടിൽ നിന്നാണ് താഴേക്ക് വളരുന്നത്. ഈ വേരുകളും സസ്യങ്ങളെ താങ്ങി നിർത്തുന്നു. ഇത്തരം വേരുകളെ പൊയ്ക്കാൽ വേരുകൾ എന്ന് പറയുന്നു.

# കണ്ടൽച്ചെടി



കണ്ടൽച്ചെടിയുടെ ശ്വസനവേരുകൾ

- ചതുപ്പുനിലങ്ങളിൽ വളരുന്നു.
- ഇവയുടെ വേരിന്റെ അറ്റം അന്തരീക്ഷത്തിലേക്ക് വളർന്നു നിൽക്കുന്നു.
- ഈ വേരുകൾ വാതക വിനിമയത്തിന് സഹായിക്കുന്നു.
- ഇത്തരം വേരുകൾ ശ്വസനവേരുകൾ എന്നറിയപ്പെടുന്നു.

# വേരുകളുടെ ധർമങ്ങൾ

- സസ്യങ്ങളെ മണ്ണിൽ ഉറപ്പിച്ചു നിർത്തുന്നു.
- മണ്ണിൽ നിന്ന് ജലവും ലവണങ്ങളും വലിച്ചെടുക്കുന്നു.
- സസ്യങ്ങളെ താങ്ങി നിർത്തുന്നു.
- ശ്വസനത്തിന് സഹായിക്കുന്നു.